ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:08.08.2024**

## പ്രധാനവാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദി വയനാട് ഉരുൾപ്പൊട്ടൽ നടന്ന മേഖലകൾ ശനിയാഴ്ച സന്ദർശിക്കും.**

2. **വയനാട്ടിൽ നിന്ന് ദൗത്യം പൂർത്തിയാക്കി സൈന്യത്തിന്റെ ഒരു സംഘം മടങ്ങുന്നു. സൈന്യത്തിന് നന്ദി അറിയിച്ച് സംസ്ഥാന സർക്കാർ.**

3. **പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് ഭേദഗതി ബിൽ, വഖഫ് നിയമ ഭേദഗതി ബിൽ എന്നിവ ലോക്സഭ ഇന്ന് പരിഗണിക്കാൻ സാധ്യത.**

4. **റിസർവ് ബാങ്കിന്റെ ദ്വൈമാസ ധനനയം പ്രഖ്യാപിച്ചു. തുടർച്ചയായ ഒൻപതാം തവണയും റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരുന്നു.**

5. **2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ മണ്ഡലത്തിലെ മുസ്ലീം ലീഗ് സ്ഥാനാർത്ഥി നജീബ് കാന്തപുരത്തിന്റെ വിജയം ചോദ്യം ചെയ്തുള്ള ഹർജി ഹൈക്കോടതി തള്ളി.**

6. **പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണപ്രതീക്ഷയുമായി ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മത്സരിക്കും. ഹോക്കിയിൽ വെങ്കല മെഡലിനായി ഇന്ത്യ ഇന്ന് സ്പെയിനിനെ നേരിടും.**

RNU TVPM

==========================================

**രാഷ്ട്രപതി**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ന്യൂസിലൻഡിൽ എത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു വെല്ലിങ്ടൺ റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ചിരിക്കുന്ന മഹാത്മാഗാന്ധിയുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, ലോക് സഭാ എം.പി മാരായ ജുഗൽ കിഷോർ ശർമ്മ, സൗമിത്ര ഖാൻ എന്നിവരും രാഷ്ട്രപതിക്കൊപ്പമുണ്ട്. ഗവർണർ ജനറൽ സിൻഡി കിറോയുമായും, പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായും രാഷ്ട്രപതി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പ ചക്രം സമർപ്പിക്കുന്ന രാഷ്ട്രപതി, ഓക്ക്-ലൻഡിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. രണ്ട് ദിവസത്തെ ഫിജി സന്ദർശനം പൂർത്തിയാക്കിയാണ് ശ്രീമതി മുർമു ഓക്ക്-ലൻഡിലെത്തിയത്. ശനിയാഴ്ച തിമോർ - ലെസ്റ്റെയും രാഷ്ട്രപതി സന്ദർശിക്കും.

==========================================

**വയനാട് – പ്രധാനമന്ത്രി**

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച സന്ദർശിക്കും. ഉച്ചയോടെ കൽപ്പറ്റയിലെത്തുന്ന അദ്ദേഹം, വ്യോമനിരീക്ഷണവും നടത്തും. പ്രധാനമന്ത്രിയുടെ സന്ദർശനത്തെ സ്വാഗതം ചെയ്യുന്നതായി മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ഉരുൾപ്പൊട്ടൽ ദേശീയ ദുരന്തമായി പ്രധാനമന്ത്രി പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി വയനാട്ടിൽ പറഞ്ഞു.

അതേസമയം, ദുരന്തമേഖലയിൽ തിരച്ചിൽ നടത്തിയ സൈന്യത്തിന്റെ ഒരു സംഘം മടങ്ങി. സൈന്യം നൽകിയ പിന്തുണയ്ക്കും സേവനത്തിന് നന്ദി അറിയിക്കുന്നതായി മന്ത്രി മുഹമ്മദ് റിയാസ് യാത്രയയപ്പ് ചടങ്ങിൽ പറഞ്ഞു. ജില്ലാ

RNU TVPM

ഭരണകൂടം സൈന്യത്തിന് ആദരവും നൽകി. ഹെലികോപ്റ്റർ ഉപയോഗിച്ചുള്ള തിരച്ചിൽ സംഘവും ബെയ്‌ലി പാലത്തിന്റെ ചുമതലയുള്ള സൈനിക സംഘവും വയനാട്ടിൽ തുടരും. നാളെ മുതൽ ദുരന്തഭൂമിയിൽ പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തി തിരച്ചിൽ ഊർജ്ജിതമാക്കുമെന്ന്

മന്ത്രി കെ. രാജൻ വ്യക്തമാക്കി.

==========================================

**വയനാട് – ഉപസമിതി**

വയനാട് മുണ്ടക്കൈ -ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുമെന്ന് മന്ത്രിസഭാ ഉപസമിതി. നിലവിൽ ക്യാമ്പുകളിൽ കഴിയുന്നവരെ താത്ക്കാലികമായി പുനരധിവസിപ്പിക്കുന്നതാണ് ഒന്നാം ഘട്ടം. ഇതിനായി ബന്ധുവീടുകളിൽ പോകാൻ താൽപര്യമുള്ളവർക്ക് അതിനുള്ള സൗകര്യമൊരുക്കും. മറ്റുള്ളവരെ താമസിപ്പിക്കുന്ന തിന് വാടക വീടുകളോ മറ്റ് സൗകര്യങ്ങളോ സർക്കാർ ചെലവിൽ കണ്ടെത്തി നൽകും. ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപുലമായ പദ്ധതിക്ക് രൂപം നൽകിയതായി റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു. സ്ഥിരം വീടുകളിലേക്ക് മാറുന്നതിന് മുമ്പുള്ള ഇടക്കാല ട്രാൻസിറ്റ് ഹോം സംവിധാനമാണ് രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുക. സമ്പൂർണ പുനരധിവാസത്തിന്റെ ഭാഗമായുള്ള എല്ലാ സൗകര്യങ്ങളോടും കൂടിയ ടൗൺഷിപ്പ് പദ്ധതി മൂന്നാംഘട്ടത്തിലാണ് നടപ്പിലാക്കുകയെന്നും റവന്യൂമന്ത്രി അറിയിച്ചു.

RNU TVPM

==========================================

**കോഴിക്കോട് സന്ദർശനം-കെ രാജൻ**

കോഴിക്കോട് വിലങ്ങാട് ഉരുൾപ്പൊട്ടൽ ബാധിത പ്രദേശങ്ങൾ റവന്യൂ മന്ത്രി കെ രാജൻ ഇന്ന് സന്ദർശിക്കും. ഉരുൾപൊട്ടലിൽ

മരിച്ച മാത്യു മാസ്റ്ററുടെ വീട്, ദുരിതാശ്വാസ ക്യാമ്പ് എന്നിവിടങ്ങളിൽ മന്ത്രി സന്ദർശനം നടത്തും.

=========================================

**വയനാട് – ബാലഗോകുലം**

വയനാട് ജില്ലയിൽ ഇത്തവണ ശ്രീകൃഷ്ണ ജയന്തി ശോഭായാത്രകൾ ഒഴിവാക്കിയതായി ബാലഗോകുലം. ശ്രീകൃഷ്ണ ജയന്തി ദിവസമായ ആഗസ്റ്റ് 26-ന് കുട്ടികളും കുടുംബാംഗങ്ങളും ഒരുമിച്ചുള്ള പ്രാർത്ഥന സഭകൾ സംഘടിപ്പിക്കും. സംസ്ഥാനത്താകെ ആർഭാടങ്ങൾ ഒഴിവാക്കി ഭക്തിസാന്ദ്രമായിട്ടായിരിക്കും ശോഭായാത്ര.

=========================================

**കവളപ്പാറ-പുത്തുമല ദുരന്തം – (ഇൻട്രോ)**

കവളപ്പാറ ഉരുൾപ്പൊട്ടൽ ദുരന്തത്തിന് ഇന്ന് അഞ്ച് വർഷം.

**ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്...)**

വയനാട്ടിലെ പുത്തുമലയിലും ഇതേ ദിവസം ഉരുൾപ്പൊട്ടലിൽ 17 പേർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു.

=========================================

**പാർലമെന്റ്**

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് ഭേദഗതി ബിൽ, ലോക്സഭ ഇന്ന് പരിഗണിക്കാൻ സാധ്യതയുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായാണ് ബിൽ അവതരിപ്പിക്കുക. ഇതുകൂടാതെ വഖഫ് നിയമ ഭേദഗതി ബില്ലും ഇന്ന് ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു ലോക്സഭയിൽ അവതരിപ്പിക്കും. രാജ്യസഭയിൽ വിനേഷ് ഫോഗട്ട് വിഷയത്തിൽ കേന്ദ്രമന്ത്രി ജെ.പി നഡ്ഡ

RNU TVPM

സംസാരിച്ചു. വിനേഷിനൊപ്പം രാജ്യം മുഴുവനും ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു.

========================================

**റിസർവ് ബാങ്ക് ഗവർണർ**

പണപ്പെരുപ്പത്തിലും വികസനത്തിനായി വിലസ്ഥിരത ഉറപ്പുവരുത്താനാണ് റിസർവ് ബാങ്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ്. റിസർവ് ബാങ്കിന്റെ ദ്വൈമാസ ധന നയം പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. തുടർച്ചയായ ഒൻപതാം തവണയും റിപ്പോ നിരക്കിൽ മാറ്റമില്ല. **6.5** ശതമാനമായി തുടരും. പണപ്പെരുപ്പം അഞ്ച് ശതമാനത്തിന് മുകളിൽ തുടരുന്നതിനാലാണ് റിപ്പോ നിരക്കിൽ മാറ്റം വരുത്താത്തത്. 2023 ഫെബ്രുവരി മുതൽ എട്ട് നയ അവലോകനങ്ങളിൽ റിസർവ് ബാങ്ക് റിപ്പോ നിരക്കിൽ മാറ്റം വരുത്തിയിരുന്നില്ല. യു.പി.ഐ വഴിയുള്ള നികുതി അടവ് പരിധി ഒരു ലക്ഷത്തിൽ നിന്ന് അഞ്ച് ലക്ഷമായി ഉയർത്താനും തീരുമാനിച്ചിട്ടുണ്ട്.

RNU TVPM

========================================

**ഹർജി തള്ളി**

2021- ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ മണ്ഡലത്തിലെ മുസ്ലീം ലീഗ് സ്ഥാനാർത്ഥി നജീബ് കാന്തപുരത്തിന്റെ വിജയം ചോദ്യം ചെയ്തുള്ള ഹർജി ഹൈക്കോടതി തള്ളി. എതിർ സ്ഥാനാർത്ഥിയായിരുന്ന കെ.പി മുഹമ്മദ് മുസ്തഫ നൽകിയ ഹർജിയാണ് കോടതി തള്ളിയത്. 38 വോട്ടുകൾക്കായിരുന്നു നജീബ് കാന്തപുരം ജയിച്ചത്. ഹർജി കോടതി തള്ളിയതോടെ നജീബ് കാന്തപുരം എം.എൽ.എ ആയി തുടരും.

========================================

**ബുദ്ധദേബ് ഭട്ടാചാര്യ**

ബംഗാൾ മുൻ മുഖ്യമന്ത്രിയും മുതിർന്ന സി.പി.എം നേതാവുമായ ബുദ്ധദേബ് ഭട്ടാചാര്യ അന്തരിച്ചു. 80 വയസായിരുന്നു. ദീർഘനാളായി ചികിത്സയിലായിരിക്കെ കൊൽക്കത്തയിലായിരുന്നു അന്ത്യം. 2000 മുതൽ 2011 വരെ 11 വർഷം തുടർച്ചയായി ബംഗാളിന്റെ മുഖ്യമന്ത്രിയായിരുന്നു. പശ്ചിമബംഗാളിലെ അവസാനത്തെ സിപിഎം മുഖ്യമന്ത്രിയായിരുന്നു ഭട്ടാചാര്യ. ബുദ്ധദേബ് ഭട്ടാചാര്യയുടെ നിര്യാണത്തിൽ പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജി അനുശോചിച്ചു.

==========================================

**ബംഗ്ലാദേശ്**

ബംഗ്ലാദേശിൽ നൊബേൽ പുരസ്കാര ജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. സൈനിക തലവൻ ജനറൽ വക്കർ ഉസ് സമാൻ ഇന്നലെ മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. രാജ്യം എത്രയും വേഗം പൂർവസ്ഥിതിയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായും കഴിഞ്ഞ കുറച്ചു നാളുകളായി കുറ്റകൃത്യങ്ങൾ നടത്തി വരുന്നവർക്ക് തക്ക ശിക്ഷ നൽകുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ഭീഷണി നേരിടേണ്ടി വന്നാൽ അടുത്തുള്ള സൈനിക ക്യാമ്പിൽ അറിയിക്കേണ്ടതാണെന്ന് സൈന്യം അറിയിച്ചു.

==========================================

**ക്വിറ്റ് ഇന്ത്യ ദിനം**

ഇന്ന് ക്വിറ്റ് ഇന്ത്യ ദിനം. സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിലെ സുപ്രധാന നീക്കമായിരുന്നു ക്വിറ്റ് ഇന്ത്യാ മൂവ്മെന്റ്. ആഗസ്റ്റ് വിപ്ലവം എന്നും ക്വിറ്റ് ഇന്ത്യാ ദിനം അറിയപ്പെടുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന അവസാനത്തെ

RNUTVPM

ബഹുജന മുന്നേറ്റമെന്നും ഇതിനെ വിശേഷിപ്പിക്കാം.
ക്രിപ്സ് മിഷൻ പരാജയപ്പെട്ടതിനെ തുടർന്നാണ് ബ്രിട്ടീഷുകാർ എന്നെന്നേയ്ക്കുമായി ഇന്ത്യ വിടുക എന്ന മുദ്രാവാക്യവുമായി മഹാത്മാഗാന്ധി 1942-ൽ ക്വിറ്റ് ഇന്ത്യ സമരത്തിന് തുടക്കമിട്ടത്. അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി പ്രമേയത്തിന് ഓഗസ്റ്റ് എട്ടിന് അംഗീകാരം നൽകുകയും ഓഗസ്റ്റ് ഒൻപതിന് മഹാത്മാഗാന്ധി യുടെ നേതൃത്വത്തിൽ ക്വിറ്റ് ഇന്ത്യ സമരം ആരംഭിക്കുകയും ചെയ്തു.

==========================================

**ഓഹരി+ സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 305 പോയിന്റ് താഴ്ന്ന് 79,166 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 106 പോയിന്റ് ഇടിഞ്ഞ് 24,191 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വിലയിൽ മാറ്റമില്ല. പവന് 50,800 രൂപയും ഗ്രാമിന് 6,350 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

==========================================

**പാരീസ് ഒളിമ്പിക്സ്**

പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണപ്രതീക്ഷയുമായി ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് മത്സരിക്കും. പുരുഷന്മാരുടെ ഗുസ്തിയിൽ 57 കിലോഗ്രാം വിഭാഗത്തിൽ അമനും വനിതകളുടെ ഇതേ വിഭാഗത്തിൽ അൻഷുവും ഇന്ന് മത്സരിക്കും. ഹോക്കിയിൽ വെങ്കല മെഡലിനായുള്ള പോരാട്ടത്തിൽ ഇന്ത്യ ഇന്ന് സ്പെയിനിനെ നേരിടും. അത് ലറ്റിക്സിൽ 100 മീറ്റർ ഹർഡിൽസിൽ ജ്യോതിയും വനിതകളുടെ ഗോൾഫിൽ അതിഥി അശോകും, ദിക്ഷാ ധാക്കറും ഇന്ന് മത്സരത്തിനിറങ്ങും.

==========================================

**ഇടുക്കി – (ഇൻട്രോ)**

തമിഴ് മാതൃഭാഷയായിട്ടുള്ള കേരളത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടി മലയാളം കോഴ്സുമായി കേരള സർവ്വകലാശാല. ഇതിനോടകം ആയിരത്തോളം കുട്ടികളാണ് മലയാളം കോഴ്സ് പൂർത്തീകരിച്ചത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്..**

**(വോയിസ്..........)**

==========================================

**പാലക്കാട് – മലമ്പുഴ അണക്കെട്ട്**

പാലക്കാട്- മലമ്പുഴ അണക്കെട്ടിലെ നാല് ഷട്ടറുകൾ തുറന്നു. ഡാമിലെ ജലനിരപ്പ് 112.99 മീറ്റർ എത്തിയതോടെ ഷട്ടറുകൾ 5 Cm വീതം തുറന്നത്. ചെറിയ തോതിലാണ് വെള്ളം തുറന്നു വിടുന്നതെങ്കിലും മുക്കൈ, കൽപ്പാത്തി, ഭാരതപുഴ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശമുണ്ട്.

RNU TVPM

==========================================

**ലക്ഷദ്വീപ്**

ലക്ഷദ്വീപിലെ വിവിധ പ്രതിസന്ധികളിൽ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ലക്ഷദ്വീപ് എം.പി ഹംദുള്ളാ സയ്ദ് പാർലമെന്റിൽ ആവശ്യപ്പെട്ടു. കൃഷി, മൃഗസംരക്ഷണം, തൊഴിലില്ലായ്മ, തുറമുഖ വികസനം ഉൾപ്പെടെയുള്ള വിവിധ മേഖലകളെ ആസ്പദമാക്കി കേന്ദ്ര ബജറ്റിനെ വിശകലനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

==========================================

==========================================

==========================================